©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

വാല്യം 9
Vol. IX

തിരുവനന്തപുരം, ചൊവ്വ
Thiruvananthapuram, Tuesday

2020 ഒക്ടോബർ 20
20th October 2020

1196 തുലാം 4
4th Thulam 1196

1942 ആശ്വിനം 28
28th Aswina 1942

നമ്പർ
No. 41

## PART IV

# Private Advertisements and Miscellaneous Notifications

NOTIFICATION

It is hereby notified for the information of all authorities concerned and the public that I, Rasheeda. G K, Rasiya's, Vadakkumbad P. O., Thalassery Taluk, Kannur District, Pin-670 105, have changed the name of my minor daughter, Jesmi. G K, holder of Extract of School Admission Register with Admission No. 20822, date of Admission 8-5-2018 issued by the Headmistress, Sacred Heart Girls HSS, Thalassery, Birth Certificate with Registration No. 1/638/05, date of Registration 8-2-2005, issued by the Registrar of Births & Deaths, Thalassery Municipality, as Jenna Jasmin.

This change will come into effect in all records related to her.

Thalassery,
10-8-2020. Rasheeda. G K

## ഭക്ഷ്യസുരക്ഷാ വകുപ്പ്

ദർഘാസ് പരസ്യം

നമ്പർ 2774/2020/എ.സി.എഫ്.എസ്.(കെ.കെ.ഡി.)
2020 സെപ്റ്റംബർ 15.

കേരള ഗവർണ്ണർക്കുവേണ്ടി കോഴിക്കോട് ജില്ലാ ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ താഴെ പറയുന്ന വിഭാഗത്തിലുള്ള വാഹനം ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ ഡ്രൈവർ ഉൾപ്പെടെ വിട്ടുനൽകുന്നതിനായി വാഹന ഉടമകളിൽ നിന്നും മുദ്രവെച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

ദർഘാസ് നമ്പർ—02/2020-21/എ.സി.എഫ്.എസ്. (കെ കെ ഡി)

വാഹനത്തിന്റെ പേര്—മഹീന്ദ്ര ബൊലേറോ/ടാറ്റാസുമോ, മാരുതി എർട്ടിഗ/സ്വിഫ്റ്റ് ഡിസയർ/ഹോണ്ട അമേസ്, ഷെവർലെറ്റ് എൻജോയ്/ടാറ്റാ ഇൻഡിഗോ.

പ്രോജക്ടിന്റെ പേരും അടങ്കൽ തുകയും—ക്യു.ആർ.ടി./ ഭക്ഷ്യസുരക്ഷാ അടിയന്തിര പ്രവർത്തനം, പരമാവധി പ്രതിമാസ വാടക ₹ 40,000. (പരമാവധി 2000 കി. മീ.ന്) ജി. എസ്. ടി. ഉൾപ്പെടെ.

നിരതദ്രവ്യം—₹ 2,000.

ദർഘാസ് ഫോറത്തിന്റെ വില—₹ 400+18% ജി. എസ്. ടി.

പ്രവർത്തിയുടെ കാലാവധി/കരാർ കാലാവധി—2020-2021 സാമ്പത്തിക വർഷം.

ദർഘാസ് ഫോറം വിൽക്കുന്ന തീയതിയും സമയവും—19-10-2020 മുതൽ 23-10-2020-വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ ഉച്ചയ്ക്ക് 1 മണിവരെ.

ദർഘാസ് ഫോറം സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—28-10-2020 വൈകുന്നേരം 4 മണി വരെ.

ദർഘാസ് ഫോറം തുറക്കുന്ന തീയതിയും സമയവും—30-10-2020 വൈകുന്നേരം 3 മണി.

ദർഘാസ് സംബന്ധിച്ചുള്ള ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ എല്ലാ വ്യവസ്ഥകളും ഇതിന് ബാധകമാണ്. കാരണം കൂടാതെ ദർഘാസ് റദ്ദ് ചെയ്യാനോ, മാറ്റിവെക്കാനോ ഉള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. മേൽ പ്രസ്താവിച്ച വാഹന കരാറിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ആഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ഓഫീസ് വിലാസം—ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയം, ഐ.പി.ഡി. ബിൽഡിംഗ്, കോട്ടപറമ്പ, കോഴിക്കോട്-673 001, ഇ-മെയിൽ-acfskozhikode@gmail.com, ഫോൺ നമ്പർ 0495-2720744.

നിബന്ധനകൾ

1. 24 മണിക്കൂറും ഡ്രൈവറുടെ സേവനം ലഭ്യമാക്കണം. വാഹനത്തിന് രണ്ട് ഡ്രൈവർ വേണം. ഏതെങ്കിലും കാരണവശാൽ നിലവിലെ ഡ്രൈവർക്ക് എത്താൻ പറ്റുന്നില്ലെങ്കിൽ കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ ഡ്രൈവറെ നൽകേണ്ടതാണ്.
2. വാഹനത്തിന്റെ കാലപ്പഴക്കം 5 വർഷത്തിൽ കൂടാൻ പാടില്ലാത്തതാകുന്നു.
3. ടാക്സി പെർമിറ്റ് വാഹനത്തിന് ഉണ്ടായിരിക്കണം. ഡ്രൈവർക്ക് ബാഡ്ജ് നിർബന്ധം.
4. ലോഗ് ബുക്ക് അതാത് ദിവസം രേഖപ്പെടുത്തി അതാത് ഓഫീസറുടെ ഒപ്പ് നിർബന്ധം.
5. ലോഗ് ബുക്ക് സമയം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.
6. വാഹനത്തിന്റെ മെയിന്റനൻസ് സ്വന്തം ഉത്തരവാദിത്വത്തിൽ നടത്തുകയും ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾക്ക് തടസ്സം ഉണ്ടാകാത്ത വിധം ആയിരിക്കുകയും വേണം. ഏതെങ്കിലും വിധം വാഹനത്തിന് റോഡ് ഗതാഗതം പറ്റാത്ത സാഹചര്യത്തിൽ കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ പകരം സംവിധാനം ഏർപ്പെടുത്തണം.
7. മഹീന്ദ്ര ബൊലേറോ/ടാറ്റാസുമോ, മാരുതി എർട്ടിഗ/ സ്വിഫ്റ്റ് ഡിസയർ/ഹോണ്ട അമേസ്, ഷെവർലെറ്റ് എൻജോയ്/ടാറ്റാ ഇൻഡിഗോ എന്നിവയിലേതെങ്കിലുമോ/ സമാനമായതോ വാഹനം മാത്രമേ അനുവദിക്കുകയുള്ളൂ.
8. പ്രതിമാസ വാടക ഭക്ഷ്യസുരക്ഷാ വകുപ്പ് അനുവദിക്കുന്നത് അനുസരിച്ച് മാത്രമേ നൽകുകയുള്ളൂ.
9. പ്രതിമാസ വാടക ക്ലെയിമിന് ലോഗ്ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ്.

ഭക്ഷ്യസുരക്ഷാ
അസി. കമ്മീഷണറുടെ കാര്യാലയം,
കോഴിക്കോട്.

(ഒപ്പ്)
ഭക്ഷ്യസുരക്ഷാ
അസിസ്റ്റന്റ് കമ്മീഷണർ.